(ഡി) എങ്കിൽ എത്രകണ്ട് വർദ്ധിപ്പിച്ചു; എന്തടിസ്ഥാനത്തിലാണ് ഡാമിന്റെ ഉയരം വർദ്ധിപ്പിച്ചത്;

(ഇ) ഡാമിന് രൂപകല്പന ചെയ്തപ്പോൾ ഇത് എന്തുകൊണ്ട് മുൻകൂട്ടി കാണാൻ കഴിഞ്ഞില്ലായെന്ന് വ്യക്തമാക്കാമോ; ഡാമിന്റെ ഉയരം വർദ്ധിപ്പിച്ചതിന് എന്ത് അധികച്ചെലവ് വന്നു;

(എഫ്) ഒറിജിനൽ എസ്റ്റിമേറ്റ് അനുസരിച്ച് കരാർ ഏൽപ്പിച്ചുകൊടുക്കപ്പെട്ട കരാറുകാരൻ തന്നെയാണോ പുതുക്കിയ രൂപകല്പന പ്രകാരമുള്ള പണി ചെയ്യുന്നത്;

(ജി) പുതുക്കിയ പ്രകാരം ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനുള്ള പണിക്ക് എക്സ്ട്രാവർക്ക് അടിസ്ഥാനത്തിലാണോ തുക നൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറിജിനൽ എസ്റ്റിമേറ്റ് അനുസരിച്ച് മേസൺറി ഡാമിന്വേണ്ടിയുള്ള ചെലവ് 3,88,52,128.00 രൂപയാണ്.

(ബി) ഡാമിന്റെ ഉയരം 4 മീറ്റർ വർദ്ധിപ്പിച്ചു. ആയതിനുള്ള ചെലവുൾപ്പെടെ ഇതിന് 2,02,97,872.00 രൂപ കൂടി ചെലവായി.

(സി) ഉയരം വർദ്ധിപ്പിച്ചു.

(ഡി) 4 മീറ്റർ വർദ്ധിപ്പിച്ചു. കൂടുതൽ വെള്ളം കെട്ടിനിർത്തി വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായിട്ടാണ് ഡാമിന്റെ ഉയരം വർദ്ധിപ്പിച്ചത്.

(ഇ) ഇതിന്റെ രൂപകല്പനയുടെ സമയത്ത് സൈലന്റ് വാലി പ്രോജക്ട്, മാനന്തവാടി വിവിധോദ്ദേശപദ്ധതി മുതലായവയ്ക്ക് അംഗീകാരം ലഭിക്കുമെന്ന പ്രതീക്ഷയിലായിരുന്നു. അംഗീകാരം ലഭിക്കാത്തതിനാൽ മലബാർ മേഖലയിലെ വൈദ്യുതി ക്ഷാമം താല്കാലികമായി പരിഹരിക്കുന്നതിനായി അധിക ജലം സംഭരിക്കുന്നതിനുവേണ്ടി ഉയരം 4 മീറ്റർ വർദ്ധിപ്പിച്ചു.

മേസൺറി ഡാം എർത്തേൺ ഡാം ആക്കി മാറ്റുകയും ഉയരം 4 മീറ്റർ വർദ്ധിപ്പിക്കുകയും ചെയ്തതിന് 2,02,97,872.00 രൂപ അധിക ചെലവ് വന്നു.

(എഫ്) അതെ.

(ജി) നിലവിലുള്ള കരാറിന്റെ എക്സ്റ്റെൻഷനായാണ് നൽകിയത്.

മുഹമ്മ സി. എച്ച്. സി.-യിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം

24 [181] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ മുഹമ്മ സി.എച്ച്.സി.-യിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്ലാന്റ് നിർമ്മിക്കുവാൻ അനർട്ട് ചുമതലപ്പെടുത്തിയ സ്ഥാപനം ഏതെന്നും പ്രസ്തുത സ്ഥാപനവുമായി ഒപ്പ് വച്ചിട്ടുള്ള കരാർ പ്രകാരം പ്ലാന്റിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കണമായിരുന്നുവെന്നും വെളിപ്പെടുത്താമോ;

(സി) കോൺട്രാക്ട് പ്രകാരം പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനം വൈകിയെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) കോൺട്രാക്റ്റ് പ്രകാരം പ്ലാന്റ് നിർമ്മിക്കുന്ന സ്ഥാപനത്തിന് നൽകേണ്ട പണം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഇ) പ്ളാന്റ് നിർമ്മിക്കുന്ന സ്ഥാപനത്തിന് നൽകേണ്ട തുക നൽകി പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എഫ്) പ്ലാന്റ് എപ്പോൾ മുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഹമ്മ പി. എച്ച്. സി.-യിൽ ബയോഗ്യാസ് പ്ലാന്റിൽ ബയോഗ്യാസ് ഉപയോഗിച്ച് രണ്ട് ബർണറുകൾ പ്രവർത്തിപ്പിക്കാനുള്ള സംവിധാനം പൂർത്തിയായിട്ടുണ്ട്.

(ബി) പ്ലാന്റ് നിർമ്മിക്കുവാൻ അനർട്ട് ചുമതലപ്പെടുത്തിയ ശ്രീടെക്, മണക്കാട് പി. ഒ., തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 9-9-2002-ൽ നൽകിയ വർക്ക് ഓർഡർ പ്രകാരം പ്ലാന്റിന്റെ പണി 4 മാസത്തിനകം (8-1-2003) പൂർത്തിയാക്കേണ്ടിയിരുന്നു.

(സി) ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കാൻ ചുമതലപ്പെടുത്തിയിരുന്ന ശ്രീടെക് എന്ന സ്ഥാപനം സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയതാണ് പ്ളാന്റിന്റെ പ്രവർത്തനം വൈകാനുള്ള കാരണം.

(ഡി) ഇല്ല. വർക്ക് ഓർഡർ പ്രകാരം പണി പൂർത്തീകരിക്കാൻ അനുവദിച്ച 8-1-2003-നുള്ളിൽ കോൺട്രാക്ടർ ബില്ലുകൾ സബ്മിറ്റ് ചെയ്യുകയോ തുക ആവശ്യപ്പെടുകയോ ചെയ്തിട്ടില്ലാത്തതിനാലാണ് ടി സ്ഥാപനത്തിന് പണം നൽകാത്തത്.

(ഇ) പ്ലാന്റിന്റെ നിർമ്മാണം ഇപ്പോൾ അവസാന ഘട്ടത്തിലാണ്. ശ്രീടെക്കിനു അർഹമായ തുക നൽകി പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുന്നതാണ്.

(എഫ്) പ്ലാന്റിന്റെ ട്രയൽ റൺ ഇതിനകം നടത്തിക്കഴിഞ്ഞു. അവശേഷിക്കുന്ന ചെറിയ പണികൾ കൂടി കഴിഞ്ഞ് ഉടനടി പ്ലാന്റ് തുടർച്ചയായ പ്രവർത്തനത്തിന് സജ്ജമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly